# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 653

11.12.2012-ൽ
മറുപടിക്ക്

## പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള വ്യവസായ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ. മാധവൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള എത്ര വ്യവസായ സ്ഥാപനങ്ങളാണ് സംസ്ഥാനത്ത് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് ;<br><br>(ബി) പ്രസ്തുത സ്ഥാപനങ്ങൾക്കായി എത്ര ഏക്കർ വീതം ഭൂമി നൽകിയെന്ന് വെളിപ്പെടുത്തുമോ; | (എ) & (ബി) മുൻ സർക്കാരിന്റെ കാലത്ത് പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് വ്യവസായങ്ങൾ ആരംഭിക്കുവാൻ ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു<br>1. Hindustan Aeronautics Ltd, (HAL), KINFRA Small Industries Park, Kasargod -200 Acres<br>2. Bharat Electronics Ltd.(BEL), KINFRA Hitech Park, Kalamassery - 6.02 Acres<br>3. BEML (Bharat Earth Movers Ltd.), Integrated Industrial Park, Palakkad - 374.58 Acres. |
| (സി) പ്രസ്തുത സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി ഏറ്റെടുത്തിട്ടുണ്ടോ;<br><br>(ഡി) ഉണ്ടെങ്കിൽ എത്ര ഏക്കർ ഭൂമി ഏറ്റെടുത്തുവെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കുമോ; | (സി) & (ഡി) ഭൂമി ഏറ്റെടുത്തിട്ടില്ല |

| | |
|---|---|
| (ഇ) പുതിയ ഭൂമി ഏറ്റെടുത്തിട്ടില്ലെങ്കിൽ ഓരോ വ്യവസായ സ്ഥാപനങ്ങൾക്കും വേണ്ടി നൽകിയ ഭൂമി ഏതെല്ലാമെന്നും ഇവ ഏത് ആവശ്യത്തിലേയ്ക്കായിട്ടാണ് ഏറ്റെടുത്തതെന്നും വെളിപ്പെടുത്തുമോ; | (ഇ) (1) കാസർഗോഡ് ജില്ലയുടെ സമഗ്രവികസനത്തിനുവേണ്ടി കിൻഫ്ര ഏറ്റെടുത്ത 270 ഏക്കർ ഭൂമിയിൽ നിന്നും 200 ഏക്കർ ഭൂമിയാണ് കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലുള്ള Hindustan Aeronautics Ltd ന്റെ ഏവിയോണിക്സ് വിഭാഗം സ്ഥാപിക്കുന്നതിന് വിട്ടു നൽകിയിട്ടുള്ളത്.<br>(2) എറണാകുളം ജില്ലയിലെ കളമശ്ശേരിയിൽ HMT-യിൽ നിന്നും ലഭിച്ച 240 ഏക്കർ ഭൂമിയിൽ നിന്നും 6.02 ഏക്കർ ഭൂമിയാണ് BEL-ന്റെ സപ്പോർട്ട് സെന്റർ സ്ഥാപിക്കുന്നതിനായി വിട്ടു നൽകിയിട്ടുള്ളത്.<br>(3) പാലക്കാട് ജില്ലയുടെ വികസനം ലക്ഷ്യമാക്കി കഞ്ചിക്കോട് കിൻഫ്ര ഏറ്റെടുത്ത 750 ഏക്കറോളം ഭൂമിയിൽ നിന്നാണ് കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖല സ്ഥാപനമായ BEML ന് അവരുടെ റെയിൽ/ഡിഫെൻസ് ഉല്പന്നങ്ങളുമായി ബന്ധപ്പെട്ട ഒരു ഉല്പാദന കേന്ദ്രം ആരംഭിക്കുന്നതിനായി 374.58 ഏക്കർ ഭൂമി കിൻഫ്ര പാട്ടത്തിനു നൽകിയിട്ടുള്ളത്. |
| (എഫ്) ഭൂമി നൽകിയത് ഏത് വ്യവസ്ഥകൾ പ്രകാരമാണ്; വിശദമാക്കുമോ? | (എഫ്) മേൽ പറഞ്ഞ ഭൂമി എല്ലാം തന്നെ 90 വർഷത്തെ പാട്ടക്കരാർ വ്യവസ്ഥയിലാണ് കൈമാറിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**